നെൽവയലുകൾ നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന നടപടി

* 147. [150] ശ്രീ. സി. കെ. തങ്കപ്പൻ :
,, വി. എസ്. ചന്ദ്രശേഖരപിള്ള :
,, കെ. പുരുഷോത്തമൻ :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയലുകൾ നികത്തി, മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമൂലം നെല്ലുൽപ്പാദനം കുറഞ്ഞുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) കേരളാ ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവ് 1987 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

പെൻഷൻ തുക മണിയോർഡറായി അയയ്ക്കുന്ന സമ്പ്രദായം

* 148. [151] ശ്രീ. പി. വി. മുഹമ്മദ് :
,, കെ. പി. എ. മജീദ് :
,, ബി. ടി. മുഹമ്മദലി :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ തുക മണിയോർഡറായി അയയ്ക്കുന്ന സമ്പ്രദായം നിലവിലുണ്ടോ ;

(ബി) മണിയോർഡർ യഥാസമയം അയയ്ക്കുന്നില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ ഏന്തു നടപടി സ്വീകരിച്ചു ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പോസ്റ്റൽ ഡിപ്പാർട്ടുമെന്റിലെ പുതുക്കിയ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ അനുസരിച്ച്, പോസ്റ്റാഫീസിൽ എത്തിക്കുന്ന മണിയോർഡർ തുകയ്ക്കുള്ള ചെക്കുകൾ മാറി തുക വസൂലാക്കിയതിനുശേഷമേ മണിയോർഡർ അയയ്ക്കുകയുള്ളു. ചെക്കുകൾ ക്ലീയർ ചെയ്യുന്നതിനുള്ള കാലതാമസമാണ് മണിയോർഡർ യഥാസമയം അയയ്ക്കാത്തതിനുള്ള കാരണം. ഈ മാസം 20-ാം തീയതി ഞാൻ പോസ്റ്റ്മാസ്റ്റർ ജനറലിന്റെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം ഇതിനു വേണ്ടി എന്റെ അദ്ധ്യക്ഷതയിൽ കൂടി ഇക്കാര്യം ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു് എല്ലാ മാസവും ആദ്യ പ്രവർത്തി ദിവസം തന്നെ മണിയോർഡർ പെൻഷൻ കിട്ടുമെന്നു് ഉറപ്പു വരുത്തി കൊണ്ടുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ടു്.

നാളികേരത്തിനു് താങ്ങുവില

* 149 [152] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിനു് താങ്ങുവില നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഈ വർഷം കേരളാ കോ-ഓപ്പറേറ്റീവു് മാർക്കറ്റിംഗു് ഫെഡറേഷൻ മുഖാന്തിരം എത്രടൺ കൊപ്ര സംഭരിച്ചു ; അതിനു് എന്തു തുക ചെലവായി ;

(ഡി) നാളികേരം നാണ്യവിളയായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഇല്ല എന്നാൽ കേന്ദ്രസർക്കാരിനു് സമർപ്പിച്ച താങ്ങുവില പദ്ധതി അംഗീകരിക്കുകയും സംഭരണവില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) 1200 രൂപ സംഭരണവില.

(സി) ഈ വർഷം 21000 ടൺ കൊപ്ര സംഭരിച്ചു. അതിനു് 27½ കോടി രൂപ ചെലവായി.

(ഡി) ഇല്ല.

(ഇ) എണ്ണക്കുരുവായി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതു് കേന്ദ്രഗവൺമെന്റാണു്. ഈ ആവശ്യം മുൻനിറുത്തി സംസ്ഥാന ഗവൺമെന്റു് കേന്ദ്രഗവൺമെന്റിനു്, സമഗ്രമായ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ടു്. ഇപ്പോഴും ഇതു് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലാണു്.

തെങ്ങുരോഗത്തെപ്പറ്റിയുള്ള ഗവേഷണങ്ങൾ

* 150 [153] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾക്കു് പ്രതിവിധി കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണ പരീക്ഷണങ്ങൾ കൃഷിവകുപ്പിന്റേയും കാർഷിക സർവ്വകലാശാലയുടെയും കീഴിൽ നടക്കുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; എത്രകാലമായി നടക്കുന്നുവെന്നു വെളിപ്പെടുത്തുമോ ;

(സി) തെങ്ങുരോഗത്തിനു് എന്തെങ്കിലും പ്രതിവിധി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) കൃഷി വകുപ്പിന്റെ കീഴിൽ ഇല്ല, കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly